**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 210** **24-06-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി നിരക്ക് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വേനൽകാലത്ത് ആവശ്യകത കൂടിയതിനെ തുടർന്ന് ഉയർന്ന വിലയ്ക്ക് വൈദ്യുതി വാങ്ങിയതുമൂലം വൈദ്യുതി ബോർഡിനുണ്ടായ വരുമാന നഷ്ടം നിരക്ക് വർദ്ധനവിലൂടെ നികത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | 2022-23 സാമ്പത്തിക വർഷത്തിലെ കണക്ക് പ്രകാരം 1023.62 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. അതിന്റെ 75% ആയ 767.715 കോടി രൂപ ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്. ആയതിനാൽ വൈദ്യുതി നിരക്ക് വർദ്ധന ഇപ്പോൾ ആലോചിച്ചിട്ടില്ല. വേനൽക്കാലത്ത് സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത കൂടിയത് മൂലം വിവിധ വിഭാഗങ്ങൾക്ക് ഇടതടവില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കിയത് വഴി [ലോഡ് ഷെഡിങ്ങും വൈദ്യുതി നിയന്ത്രണവും ഒഴിവാക്കി] വൈദ്യുതി ബോർഡിന് അധിക ബാധ്യത ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. എന്നാൽ ടി അധിക ബാധ്യത നിരക്ക് വർദ്ധനവിലൂടെ ഉടനടി നികത്തുവാൻ നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും പ്രകാരം കഴിയുകയില്ല. എന്നാൽ കെ.എസ്.ഇ.ബി ലിമിറ്റഡ്, ടി അധിക ബാധ്യത കണക്കാക്കി ട്രൂ അപ്പ് പെറ്റീഷനിലൂടെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന് സമർപ്പിക്കുന്ന മുറയ്ക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ് നിരക്ക് വർദ്ധനവിന്റെ ആവശ്യകതയെ സംബന്ധിച്ച് അന്തിമമായി തീരുമാനം എടുക്കുന്നത്. |
| (ബി) | കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവരിൽ നിന്നും കൂടിയ നിരക്ക് ഈടാക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവരിൽ നിന്ന് കൂടിയ നിരക്ക് ഈടാക്കണമെന്ന് പുതിയതായി ഒരു നിർദ്ദേശവും കെ.എസ്.ഇ.ബി ലിമിറ്റഡ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല. |
| (സി) | 200 യൂണിറ്റിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവരിൽ നിന്നും വ്യത്യസ്ത സമയങ്ങളിൽ വ്യത്യസ്ത നിരക്ക് ഈടാക്കാൻ ആലോചനയുണ്ടോ; വിശദമാക്കുമോ? | (സി) | പ്രതിമാസം **200** യൂണിറ്റിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവരിൽ നിന്നും വ്യത്യസ്ത സമയങ്ങളിൽ വ്യത്യസ്ത നിരക്ക് ഈടാക്കുവാൻ |

| | | | |
|---|---|---|---|
| | | | നിലവിൽ നിർദ്ദേശങ്ങൾ ഒന്നും തന്നെ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ